2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ആക്ട് വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം, വ്യവസ്ഥകൾക്കനുസൃതമായി അംശദായം അടച്ച് അംഗത്വമെടുത്ത് 60 വയസ്സുകഴിഞ്ഞ കലാ-സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. മിനിമം പെൻഷൻ ആയിരം രൂപയാണ്. ഇവയ്ക്ക് പുറമേ അവശതാ പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാ സഹായം, അംഗത്തിന്റെ/അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം, മരണാനന്തരസഹായം, മക്കളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു. നിലവിൽ 1565 പേർക്ക് പ്രതിമാസം 1,000 (ആയിരം) രൂപ വീതം ബോർഡ് മുഖാന്തരം പെൻഷൻ നൽകിവരുന്നു. ക്ഷേമപ്രവർത്തനങ്ങൾക്കായി ബോർഡിന് നാളിതുവരെ സർക്കാർ ആകെ 3,41,40,000 (മൂന്നുകോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി നാൽപതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

ഏലം കർഷകർ

20 (*290) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ ഏലം കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏലം കർഷകരെ പ്രസ്തുത ദുരിതത്തിൽ നിന്നും രക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഏലത്തിന്റെ വിലയിടിവ് പ്രകൃതി ദുരന്തമായി കണക്കാക്കി, കർഷകരുടെ വായ്പയ്ക്ക് രണ്ടുവർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും പുനഃക്രമീകരണം നടത്തുകയും ചെയ്ത് പലിശ സർക്കാർ ഏറ്റെടുക്കണമെന്ന പ്ലാന്റേഷൻ ഫെഡറേഷൻ ചെയർമാന്റെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഏലത്തിന് വിലകുറയുന്നത് കർഷകർക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്.

(ബി) ഏലം കർഷകരെ ദുരിതത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഏലം വിപണനത്തിന് സഹായകമായ വിവിധ പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.

e-ലേലം, സ്പൈസസ് പാർക്കിന്റെ പ്രവർത്തനം എന്നിവയൊക്കെ ഏലം കർഷകർക്ക് പ്രയോജനകരമായ സംഗതികളാണ്.

(സി & ഡി) വിശദമായി പരിശോധിച്ചു മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

സാമൂഹ്യക്ഷേമ പെൻഷൻ വിതരണം

21 (*291) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നുവോ;

(ബി) പെൻഷൻ വിതരണത്തിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും പെൻഷൻ കുടിശ്ശികയുടെ സ്വഭാവം വ്യത്യസ്തമാണ്. ഓരോ പെൻഷനും ഒരേ രീതിയിലല്ല കുടിശ്ശിക നിലനിൽക്കുന്നത്. കുടിശ്ശികയുടെ കാര്യത്തിൽ ഏകീകൃത സ്വഭാവമില്ലാത്തതിനാൽ കുടിശ്ശിക കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല എന്നിരുന്നാലും 2011 ഏപ്രിൽ മാസത്തിനുമുൻപ് നിലവിലുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക നൽകിക്കഴിഞ്ഞു.

(ബി) 'ബി' പിരിവിന്റെ മറുപടി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly